പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2227 06.02.2019 ൽ മറുപടിയ്ക്ക്

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

ചോദ്യം
ശ്രീ.പി.കെ.ശശി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനായി സപ്ലൈകോ സംസ്ഥാനം മുഴുവൻ ബാധമാകുന്ന തരത്തിലാണ് മില്ലുകളുമായി കരാർ ഒപ്പുവെയ്ക്കുന്നത്. പാലക്കാട് ജില്ലയ്ക്ക് മാത്രമായി കരാർ ഉണ്ടാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത കരാർ പ്രകാരം കൊയ്ത്ത് കഴിഞ്ഞ നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള കൂലി മില്ലുടമകൾ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും | സപ്ലൈകോ മില്ലുടമകളുമായിട്ടുണ്ടാക്കിയ കരാർ പ്രകാരം നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള ന്യായമായ ചെലവ് മില്ലുകാർ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം മില്ലുകാർ ചെയ്യേണ്ട ജോലി മില്ലുകാരും, കർഷകർ ചെയ്യേണ്ട ജോലി കർഷകരുമാണ് ചെയ്യേണ്ടത്. നെല്ല് കയറ്റുന്ന ജോലി കർഷകരെക്കൊണ്ട് ചെയ്യിക്കുകയാണെങ്കിൽ ആയതിനുള്ള കൂലിയായി സപ്ലൈകോ നൽകുന്ന ക്വിന്റലിന് 12 രൂപ കർഷകർക്ക് നൽകണമെന്ന് മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും അധികമായി കർഷകരെ കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണെങ്കിൽ ആയതിനുള്ള ന്യായമായ കൂലിയും കർഷകർക്ക് നൽകണമെന്ന് മില്ലുകാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | പാലക്കാട് ജില്ലയിൽ നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള കൂലി കർഷകർ തന്നെ വഹിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ